**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2225** **09-02-2023 - ൽ മറുപടിയ്ക്ക്**

**പാറശാല മണ്ഡലത്തിലെ സഞ്ചരിക്കുന്ന റേഷൻകടകളുടെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി കെ ഹരീന്ദ്രൻ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | പാറശാല മണ്ഡലത്തിൽ സഞ്ചരിക്കുന്ന റേഷൻകടകളുടെ പ്രവർത്തനം ഏതൊക്കെ സ്ഥലങ്ങളിൽ ഉണ്ടെന്നതിന്റെ വിശദാംശം അറിയിക്കാമോ; | (എ) | അമ്പൂരി പഞ്ചായത്തിലെ പുരവിമല, കൊമ്പെ, പിയണിപ്പാറ, കണ്ണമാംമൂട്, തെന്മല, വെല്ലി, തേക്കുംമൂട് തുടങ്ങിയ ആദിവാസി ഊരുകളിൽ 'സഞ്ചരിക്കുന്ന റേഷൻകട' പ്രവർത്തിച്ചു വരുന്നു. |
| (ബി) | പ്രസ്തുത പദ്ധതിയിലൂടെ മണ്ഡലത്തിലെ മുഴുവൻ ആദിവാസി ഊരുകളിലും ഭക്ഷ്യസാധനങ്ങൾ എത്തിക്കാൻ സാധിക്കുന്നുണ്ടോയെന്ന് വിശദമാക്കാമോ; | (ബി) | അമ്പൂരിയിലെ എല്ലാ ആദിവാസി ഊരുകളിലും 'സഞ്ചരിക്കുന്ന റേഷൻകട' പദ്ധതി പ്രകാരം അർഹതപ്പെട്ട റേഷൻസാധനങ്ങൾ യഥാസമയം ലഭ്യമാക്കി വരുന്നുണ്ട്. വനമേഖലയിലെ അപകടകരമായ സാഹചര്യത്തിലും, പ്രതികൂല കാലാവസ്ഥയിലും, ആദിവാസി പ്രൊമോട്ടർമാരുടെ സഹകരണത്തോടെ റേഷനിംഗ് ഇൻസ്പെക്ടർമാർ ഊരുകളിൽ നേരിട്ടെത്തി പരാതിക്കിടവരാതെ റേഷൻ വിതരണം നടത്തി വരുന്നു. ഇപ്രകാരം അർഹതപ്പെട്ട റേഷൻ വിഹിതം കൃത്യമായി ഓരോ കാർഡുടമയ്ക്കും ലഭിക്കുന്നുണ്ടെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഉറപ്പ് വരുത്തുന്നുണ്ട്. |
| (സി) | മണ്ഡലത്തിലെ ആദിവാസി ഊരുകളിലേയ്ക്ക് ഭക്ഷ്യസാധനങ്ങൾ എത്തിക്കാൻ നിലവിൽ ഏത് വാഹനമാണ് ഉപയോഗിക്കുന്നതെന്നും ആയതിന്റെ ചെലവുകൾ ആരാണ് വഹിക്കുന്നതെന്നും വിശദമാക്കാമോ; | (സി) | മണ്ഡലത്തിലെ ആദിവാസി ഊരുകളിലേയ്ക്ക് ഭക്ഷ്യസാധനങ്ങൾ എത്തിക്കാൻ നിലവിൽ ഉപയോഗിക്കുന്ന സ്വകാര്യ വ്യക്തിയുടെ ഉടമസ്ഥതയിലുള്ള വാഹനത്തിന്റെ വാടകയും കയറ്റിറക്കുകൂലി ഉൾപ്പെടെയുള്ള ചെലവും പൊതുവിതരണ വകുപ്പാണ് വഹിക്കുന്നത്. |
| (ഡി) | സഞ്ചരിക്കുന്ന റേഷൻകട പദ്ധതിക്കായി എം.എൽ.എ. മാരുടെ വികസന ഫണ്ട് വിനിയോഗിച്ച് വാഹനം വാങ്ങുന്നതിന് തീരുമാനിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (ഡി) | പരിശോധിച്ചുവരുന്നു. |
| (ഇ) | ഇത്തരത്തിൽ വാങ്ങുന്ന വാഹനങ്ങളുടെ ഇന്ധനം, ഡ്രൈവറുടെ ശമ്പളം, മെയിന്റനൻസ് ഉൾപ്പെടെയുള്ള ആവർത്തന ചെലവുകൾ എന്നിവ എത് രീതിയിൽ നിർവഹിക്കുന്നതിനാണ് നിശ്ചയിച്ചിട്ടുള്ളത്; വിശദാംശം ലഭ്യമാക്കാമോ? | (ഇ) | ക്ലോസ്(ഡി)യുടെ ഉത്തരം കണ്ടാലും. |

സെക്ഷൻ ഓഫീസർ